(ബി) പ്രസ്തുത പാതയുടെ പണി എന്നത്തേക്ക് പൂർത്തിയാകുമെന്ന് അറിയിക്കുമോ;

(സി) ഇതിന് എന്ത് തുക ചെലവ് വരുമെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ)—(സി) ചേർത്തല-തിരുവനന്തപുരം നാലുവരിപ്പാത നിർമ്മാണത്തിനുള്ള സാധ്യതാ പഠനം പൂർത്തിയാക്കിയിട്ടുണ്ട്. കേന്ദ്ര ഗവൺമെന്റ് പ്രസ്തുത പാതയുടെ നിർമ്മാണം തത്വത്തിൽ അംഗീകരിക്കുകയും ഇതിലേക്കായി 900 കോടി രൂപ നൽകാമെന്ന് പ്രഖ്യാപിക്കുകയും ചെയ്തിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പ് നടത്തിയ സാധ്യതാ പഠനത്തിൽ ഇതിലേക്കായി 1250 കോടി രൂപ ചെലവ് വരുമെന്ന് കണക്കാക്കിയിട്ടുണ്ട്. ടി പണി എപ്പോൾ പൂർത്തിയാകുമെന്നത് കേന്ദ്ര സർക്കാരിന്റെ അനുമതി ലഭിക്കുന്ന മുറയ്ക്ക് മാത്രമേ നിർണ്ണയിക്കുവാൻ സാധിക്കുകയുള്ളൂ.

മംഗലാപുരം-കോഴിക്കോട് ദേശീയപാത നാല് വരി പാതയാക്കുന്നതിന് ഭരണാനുമതി

21 [1394] ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മംഗലാപുരം-കോഴിക്കോട് ദേശീയപാത നാല് വരി പാതയാക്കുന്നതിന് കേന്ദ്ര സർക്കാരിൽനിന്നും ഭരണാനുമതി ലഭിച്ചുവോ എന്ന് വ്യക്തമാക്കുമോ;

(ബി) എങ്കിൽ പ്രസ്തുത പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തുക എത്രയാണ് എന്നു വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത പ്രവൃത്തി എപ്പോൾ പൂർത്തീകരിക്കുവാനാണ് നിശ്ചയിച്ചിട്ടുള്ളത് എന്നു വ്യക്തമാക്കുമോ?

ഉത്തരം

(എ) ഭരണാനുമതി ലഭിച്ചിട്ടില്ല.

(ബി)—(സി) ബാധകമല്ല.

നെടുപുഴ സർക്കാർ വനിതാ പോളിടെക്നിക്കിലെ നിർമ്മാണ പ്രവൃത്തികൾ

22 [1402] ശ്രീ. കെ. പി. രാജേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിൽ നെടുപുഴ ഗവൺമെന്റ് വനിതാ പോളിടെക്നിക്കിൽ ഓഡിറ്റോറിയം, ഇൻഡോർ സ്റ്റേഡിയം, ക്ലാസ് മുറികൾ എന്നിവ പണിയുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ടോ എന്ന് അറിയിക്കുമോ;

(ബി) ഇതിന്റെ എസ്റ്റിമേറ്റ് സംഖ്യ എത്രയെന്ന് വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly